LIBRARY ARCHIVES Kerala Legislative Assembly

വടക്കാഞ്ചേരിയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കാൻ നടപടി

116 [875] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കിയിട്ടുള്ളതുകൊണ്ട് അടിയന്തിരമായി സ്കൂൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പണവും സ്ഥലവും ലഭ്യമായിട്ടും എം. ആർ. എസ്സ്.-ന്റെ പണി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) എന്നത്തേക്ക് മോഡൽ റസിഡൻഷ്യൽ സ്കൂൾ ഇവിടെ ആരംഭിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വടക്കാഞ്ചേരിയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നതിന് സ്ഥലം ലഭ്യമാക്കിയിട്ടുള്ളിടത്ത് എം. ആർ. എസ്. തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വടക്കാഞ്ചേരിയിൽ എം. ആർ. എസ്. കെട്ടിടം പണിയുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുണ്ട്.

(സി) ഇതിനുള്ള നടപടി ത്വരിതപ്പെടുത്തി വരുന്നു.

ചക്കമലയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കാൻ നടപടി

117 [876] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിലെ ചിതറ ഗ്രാമ പഞ്ചായത്തിൽ ചക്കമല എന്ന സ്ഥലത്ത് പട്ടികജാതി ക്ഷേമ വകുപ്പിന്റെ നിന്ത്രണത്തിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ (എം. ആർ. എസ്.) അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേലുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് തന്നെ ചിതറയിൽ എം. ആർ. എസ്. തുടങ്ങുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇതിലേക്കുവേണ്ടിയുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ച് വരുന്നു.